# കേരളസർവകലാശാല

നം.പി.ആർ.184/2021

## പത്രക്കുറിപ്പ്

### ഒന്നാംവർഷ ബിരുദ പ്രവേശനം 2021 മൂന്നാം അലോട്ട്മെന്റ് കോളേജ് പ്രവേശനം സെപ്റ്റംബർ 16 മുതൽ സെപ്റ്റംബർ 22വരെ

കേരളസർവകലാശാല ഒന്നാംവർഷ ബിരുദ പ്രവേശനത്തിനായുള്ള മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് മൂന്നാം അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് ഹയർ ഓപ്ഷൻ നിലനിർത്തിയിട്ടുള്ളവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. 16 മുതൽ 22 വരെയാണ് കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിതതീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. സെപ്റ്റംബർ 22 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതാണ്.

താൽക്കാലിക അഡ്മിഷൻ (Temporary/Provisional Admission) സൗകര്യം മൂന്നാം അലോട്ട്മെന്റ് മുതൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. രണ്ടാം അലോട്ട്മെന്റിൽ താൽക്കാലിക (Temporary) അഡ്മിഷൻ എടുത്ത് നിൽക്കുന്നവർ മൂന്നാം അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ലെങ്കിൽ പോലും കോളേജിൽ നേരിട്ട് ഹാജരായി നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent അഡ്മിഷൻ എടുക്കേണ്ടതാണ്. ഇപ്രകാരം Temporary അഡ്മിഷൻ എടുത്തവർക്ക് Permanent അഡ്മിഷനിലേക്ക് മാറുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 22 ആണ്. അതിനുള്ളിൽ Permanent അഡ്മിഷൻ എടുക്കാത്തവരുടെ അഡ്മിഷൻ ക്യാൻസൽ ആകുന്നതാണ്.

Permanent അഡ്മിഷൻ എടുക്കുന്നതിന് വിദ്യാർത്ഥികൾ നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കുക. പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താൻ സാധിക്കുന്നതല്ല. മുൻപ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ എടുത്തവർ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കിട്ടുന്ന പക്ഷം അത് കോളേജിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ എം.പി.ഇ. (പ്രീവിയസ്) റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ രണ്ട്, നാല്, ആറ്, എട്ട്, പത്ത് സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എം.-എം.എ.എം., അഞ്ച് വർഷ എം.ബി.എ. (ഇന്റഗ്രേറ്റഡ്) (റെഗുലർ ആന്റ് സപ്ലിമെന്ററി) (2015 സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ എം.ഫിൽ. കെമിസ്ട്രി (2019-20 ബാച്ച്) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.വോക്. സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് (351) കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 20 മുതൽ ചേർത്തല സെന്റ്.മൈക്കിൾസ് കോളേജിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 ഒക്ടോബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ദ്വിവത്സര കോഴ്സ്) 2020 സ്കീം റെഗുലർ പരീക്ഷയ്ക്കുളള അപേക്ഷകൾ ഓൺലൈനായും, 2018 സ്കീം സപ്ലിമെന്ററി പരീക്ഷയ്ക്കുളള അപേക്ഷകൾ ഓഫ്ലൈനായും പിഴകൂടാതെ സെപ്റ്റംബർ 22 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 27 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 29 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഒക്ടോബർ 13 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 22 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 27 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 29 വരെയും അപേക്ഷിക്കാം. പ്രസ്തുത പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ ഫെബ്രുവരി 2021 ൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ., സി.ബി.സി.എസ്. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുളള വിദ്യാർത്ഥികൾ (ഇ.ജെ.V) സെക്ഷനിലും അഞ്ചാം സെമസ്റ്റർ ബി.എസ്സി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുളള വിദ്യാർത്ഥികൾ (ഇ.ജെ.II) സെക്ഷനിലും സെപ്റ്റംബർ 16 മുതൽ 23 വരെയുളള പ്രവൃത്തി ദിനങ്ങളിൽ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി ഹാജരാകേണ്ടതാണ്.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല സെപ്റ്റംബർ 16 ന് ആരംഭിക്കുന്ന ബി.എ. ആന്വൽ സ്കീം ഒന്നാം വർഷ മെയിൻ (പേപ്പർ I) പരീക്ഷയ്ക്ക് അപേക്ഷിച്ചുള്ള റെഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികളുടെ മാറ്റമുള്ള പരീക്ഷാകേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ സെപ്റ്റംബർ 10 ലെ സർവകലാശാല വെബ്സൈറ്റിലെ പ്രസ്റിലീസ് ലിങ്കിൽ ലഭ്യമാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരളസർവകലാശാല അറബിക് പഠനവകുപ്പ് നടത്തിവരുന്ന മൂന്നുമാസ പാർട്ട് ടൈം അറബിക് ടൈപ്പിംഗ് കോഴ്സിന്റെ നാലാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത:പ്ലസ്ടു, ഫീസ്:3000/-, അപേക്ഷാ ഫോം കാര്യവട്ടത്തുള അറബിക് പഠനവകുപ്പിൽ/വെബ്സൈറ്റിൽ (www.arabicku.in) ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 22. ഫോൺ:9633812633/0471 2308846

തിരുവനന്തപുരം,
15.09.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**
**University information is available on 9188526670, 9188526671, 9188526674, 9188526675**